


മലയാള ദേശീയതയുടെ
ചുരുക്കം

മലയാള ദേശീയതയുടെ ചുരുക്കം

നിലവിലെ രാഷ്ട്രീയ ചുറ്റുപാടിൽ കേരളം ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ആഗോളവൽക്കരണത്തിന്റെയും ദേശീയവൽക്കരണത്തിന്റെയും ഇടയിൽ കുടിക്കുഴഞ്ഞ് ലക്ഷ്യമില്ലാതെ അലയുന്ന ഒരു പായ്‌വഞ്ചിപോലെയാണ് ഇന്നത്തെ കേരളവും മലയാളജനതയും. മലയാളികളെ സംബന്ധിക്കാത്ത രാഷ്ട്രീയ വിഷയങ്ങളാണ് കേരളത്തെ നയിക്കുന്നത് എന്നതാണ് ആ കുടിക്കുഴച്ചിലിന്റെ കാതലായ കാരണം. തദ്ദേശീയ ജനതയുടെ പ്രശ്നങ്ങൾക്കോ വികസന കാഴ്ചപ്പാടുകൾക്കോ യാതൊരു വിലയുംകൊടുക്കാത്ത രാഷ്ട്രീയ ചൂതാട്ടത്തിലകപ്പെട്ടവരാണ് മലയാളികൾ. കേരളീയരുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പോംവഴി കണ്ടെത്തുന്നതിന് പകരം മലയാളികളെയോ കേരളക്കരയെയോ ബാധിക്കാത്ത അന്തർദേശീയവും ദേശീയവുമായ വിഷയങ്ങളിൽ വിഫലമായ ഇടപെടലുകൾ നടത്തുകയും അത്തരം വിഷയങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിലുമാണ് കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ ഉത്സാഹം കാണിക്കുന്നത്. ഈ രീതി കേരളത്തിന് യാതൊരു തരത്തിലുള്ള മേന്മയും ഉണ്ടാക്കുന്ന വിഷയങ്ങളല്ലെന്ന് മാത്രമല്ല, മലയാളികളുടെ രാഷ്ട്രീയ ഊർജ്ജം ആവശ്യമില്ലാത്തിടത്ത് ചെലവഴിക്കാൻ മലയാളികൾ നിർബന്ധിതരാവുകയുമാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ വികസന താൽപര്യങ്ങൾ മുൻനിർത്തിയും മലയാളികളുടെ രാഷ്ട്രീയ-സാംസ്കാരിക താൽപര്യങ്ങൾ മുൻനിർത്തിയും ഐക്യകേരള പ്രസ്ഥാനത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടുമുള്ള ഒരു രാഷ്ട്രീയ മുന്നേറ്റം കേരളത്തിന് ഇന്ന് അനിവാര്യമാണ്.

ഐക്യകേരളം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് മലയാളികൾക്ക് മലയാളികളുടേതായ ഒരു ദേശം വേണമെന്ന ആവശ്യം ഉടലെടുക്കുന്നത്. അതൊരു ജനതയുടെ സാംസ്കാരികവും വൈകാരികവും അതിലുപരി രാഷ്ട്രീയവുമായ ആവശ്യമായിരുന്നു. മലയാളഭാഷ സംസാരിക്കുന്ന ജനതയെ അവരെ ഒരുമിപ്പിക്കുന്ന ഘടകമായ അവരുടെ മാതൃഭാഷയുടെയും സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും അടിത്തറയിൽ രാഷ്ട്രീയമായി ഒന്നിപ്പിക്കുക എന്നതായിരുന്നു ഐക്യകേരളത്തിന്റെ മൗലികമായ തത്ത്വം. രാജഭരണകാലത്തും അധിനിവേശകാലത്തും ഉടലെടുത്ത കൃത്രിമമായ അതിർത്തികളെ ഇല്ലായ്മ ചെയ്തുകൊണ്ട് സാംസ്കാരിക ഭൂമികയായ മലയാളമണ്ണിൽ സ്വതന്ത്രമായ വിഹാരവും, വാണിജ്യവും, ഭരണവും കൊണ്ടുവരുക എന്നത് മേൽപ്പറഞ്ഞ മൗലിക തത്ത്വം നിറവേറ്റുന്നതിലേയ്ക്കുള്ള ഒരു ചേരുവയായിരുന്നു. ഐക്യകേരളം സഫലമാകണമെങ്കിൽ ജനാധിപത്യം ഉണ്ടാകണമെന്ന് ഐക്യകേരളത്തിന്റെ വക്താക്കൾ ശക്തമായി വാദിച്ചിരുന്നു. ഇത് മലയാളസമൂഹത്തിന്റെ ആധുനികവൽക്കരണത്തിലേയ്ക്കുള്ള ഒരു ചുവടുവയ്പ്പായി കാണാവുന്നതാണ്. മലയാള സ്വത്വബോധത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനായി സാഹിത്യ മുന്നേറ്റങ്ങളും നവോത്ഥാന മുന്നേറ്റങ്ങളും ഇക്കാലയളവിൽ കേരളത്തിൽ ഉടലെടുക്കുകയും പിന്നീട് കേരളത്തിനുണ്ടായ സാമൂഹിക വളർച്ചയ്ക്ക് വഴിതെളിക്കുകയും ചെയ്തു. ജാതി, മത, ലിംഗ വേർതിരിവുകൾക്കപ്പുറം മലയാളി എന്ന ഭാഷാവംശത്തിന്റെ സ്വത്വബോധം വീണ്ടെടുക്കുക എന്ന ലക്ഷ്യമാണ് ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്.

ആധുനിക മലയാള ദേശീയതയ്ക്ക് അടിത്തറയാകേണ്ട നയങ്ങൾ

ഐക്യകേരള രൂപീകരണത്തിന് പിന്നാലെ തദ്ദേശീയമായ ഒരു രാഷ്ട്രീയ കാഴ്ചപ്പാട് കേരളത്തിൽനിന്നും ഇല്ലാതെയായി എന്ന് പറയാം. അതിനുകാരണം പ്രസ്തുത കാലയളവിൽ കേരളത്തിലുണ്ടായിരുന്ന രാഷ്ട്രീയ കക്ഷികൾ ഐക്യകേരളത്തിന് വേണ്ടി നിലകൊണ്ടു എന്നുള്ളതും ഇന്ത്യയിൽ ഭാഷാപരമായി ഏറ്റവും സജാതീയമായ സമൂഹമെന്ന നിലയിൽ മറ്റ്

വെല്ലുവിളികൾ കേരളം നേരിട്ടിരുന്നില്ല എന്നതുമാണ്. എന്നാൽ ഇന്നത്തെ രാഷ്ട്രീയ ചുറ്റുപാട് അത്തരത്തിലുള്ള ഒന്നല്ല. മലയാളികളുടെ സ്വത്വബോധം ചോർന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതിലേക്ക് വഴിവയ്ക്കുന്ന മലയാളവിരുദ്ധ രാഷ്ട്രീയ കാഴ്ചപ്പാടുകളാണ് ഇന്ന് കേരളത്തിന്റെ മുഖ്യധാരയിൽ സജീവമായിട്ടുള്ളത്. നീണ്ട പോരാട്ടങ്ങളിലൂടെ ജനാധിപത്യ ബോധവും ഒരുമയുടെ സ്വരവും ഉയർത്തിപ്പിടിച്ചുകൊണ്ട് ഒന്നിച്ച മലയാളികൾക്കിടയിലേക്ക് വേർതിരിവിന്റെ വിത്തുകൾപാകി പലതായി പിളർത്തി രാഷ്ട്രീയ നേട്ടമുണ്ടാക്കാനാണ് അത്തരം രാഷ്ട്രീയ കക്ഷികളും അവരുടെ കാഴ്ചപ്പാടുകളും ശ്രമിച്ചുവരുന്നത്. അവിടെ മലയാള ദേശീയതയുടെ ഒരു പുതിയമുഖത്തെ തിരശ്ശീലയുയർത്തി മലയാളികൾക്ക് മുന്നിൽ കാഴ്ചവയ്ക്കേണ്ടതിന്റെ പ്രസക്തി ഏറുകയാണ്.

1 മലയാള മുന്നേറ്റം

മലയാളദേശീയതയുടെ അത്യന്തികമായ ഉന്നം മലയാളികളുടെ രാഷ്ട്രീയവും സാംസ്കാരികവുമായ മുന്നേറ്റവും ഒത്തൊരുമയുമാണ്. കേരളത്തിന്റെ നയരൂപീകരണം പ്രാഥമികമായും മലയാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതായിരിക്കണം. ഭാഷാന്യൂനപക്ഷങ്ങളെ അടിച്ചമർത്തുന്ന സമീപനം ഒരുകാലത്തും കേരളത്തിലെ ജനാധിപത്യ ഭരണകൂടങ്ങൾ കൈക്കൊണ്ടിട്ടില്ല. മറിച്ച് മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഭാഷാന്യൂനപക്ഷങ്ങൾക്ക് ഏറ്റവും കൂടുതൽ അവകാശങ്ങൾ നൽകുന്നത് കേരളമാണ്. എന്നിരുന്നിട്ടും അയൽസംസ്ഥാനങ്ങളുടെയും അവിടെയുള്ള രാഷ്ട്രീയ കക്ഷികളുടെയും പഴി കേരളം കേൾക്കേണ്ടിവരുന്നു എന്നത് ഖേദകരമാണ്.

അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിന്റെ കെട്ടിടനിർമ്മാണം, ഊട്ടുപുരകൾ, മറ്റ് ചെറുകിട അസംഘടിത മേഖകളുടെ നടത്തിപ്പിൽ വലിയ പങ്ക് വഹിക്കുന്നുണ്ടെങ്കിലും അമിതതോതിൽ അവർക്കായി രൂപീകരിക്കുന്ന ക്ഷേമ പദ്ധതികൾ കേരളത്തെ അനാവശ്യ സാമ്പത്തിക ഞെരുക്കത്തിലേക്ക് കൊണ്ടുപോകും. അന്യസംസ്ഥാന തൊഴിലാളികൾക്കായി അവരുടെ സംസ്ഥാനങ്ങളിൽ ക്ഷേമപദ്ധതികൾ നിലവിലുള്ള സാഹചര്യത്തിൽ കേരളം അത്തരത്തിലുള്ള ഒരു സാമ്പത്തിക ചുമട് പേറേണ്ടതില്ല.

2 സംയുക്തസംസ്ഥാനങ്ങൾ

ഭരണഘടനാപരമായി ഇന്ത്യ ഒരു സംയുക്തസംസ്ഥാന സംവിധാനം അല്ലെങ്കിൽ ഫെഡറൽ സംവിധാനം പിന്തുടരുന്ന രാജ്യമാണെങ്കിൽ സോവിയറ്റ് യൂണിയനെപ്പോലെ കടുത്ത കേന്ദ്രീകൃത പ്രവണത ഭരണഘടനവഴി തന്നെ പ്രകടമാണ്. ഇന്ത്യ അടിസ്ഥാനപരമായി വൈവിധ്യങ്ങളുടെ ഒരു പ്രദേശമാണ്. തത്വത്തിൽ 'പലമയിൽ ഒരുമ' എന്നാണെങ്കിലും നടപ്പിൽ അത് നിലനിർത്തിപ്പോരാൻ ഇന്ത്യയുടെ ഭരണസംവിധാനത്തിന് കഴിയുന്നില്ല എന്നതാണ് വാസ്തവം. കേന്ദ്രീകരണം ഇന്ത്യയെ ഹിന്ദി മേഖലയുടെ ഭാഷാസാംസ്കാരികപരമായ മേൽക്കോയ്മയ്ക്ക് കീഴിലാക്കും. അതിലും പഴക്കമുള്ള സാംസ്കാരിക പിന്തുടർച്ചയുള്ള പ്രദേശങ്ങളുടെ ഭാഷാപരവും സാംസ്കാരികപരവുമായ അടയാളത്തെ ഹിന്ദി മേൽക്കോയ്മ ഇല്ലായ്മ ചെയ്യും എന്നതിൽ സംശയമില്ല. ഒരു രാജ്യം ഒരു ഭാഷാ പോലുള്ള വിഡ്ഢിനയങ്ങൾ ഇന്ത്യപോലെ ചരിത്രാതീത കാലംമുതൽക്കേ വൈവിധ്യമാർന്ന ഒരു പ്രദേശത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നത് മനുഷ്യാവകാശങ്ങളുടെ ലംഘനങ്ങളിലേക്കുവരെ വഴിവയ്ക്കാനുള്ള സാധ്യതയുണ്ട്. ഒരു രാജ്യത്തിന്റെ ഒത്തൊരുമ നിലനിർത്താൻ ഒരു ഭാഷ വേണമെന്നത് പ്രായോഗികമല്ലെന്നു മാത്രമല്ല കാലഹരണപ്പെട്ട ഒരു ചിന്താഗതികൂടിയാണ്. സ്വാതന്ത്ര്യാനന്തരം ഇത്രയുംനാൾ വൈവിധ്യമാർന്ന ഇന്ത്യ ഒത്തൊരുമയോടെ നിലനിന്നത് ഒരു ഭാഷയുടെ പിൻബലത്തിലല്ല. മറിച്ച് ജനാധിപത്യപരമായ സഹകരണത്തിലൂടെയാണ്.

കേരളംപോലെ ഉയർന്ന നിലവാരവും മെച്ചപ്പെട്ട പ്രകടനവും കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് വേണ്ടത്ര പരിഗണനയും സാമ്പത്തിക പിന്തുണയും ലഭിക്കുന്നില്ല എന്നത് ഏറെനാളത്തെ

പരാതിയാണ്. സംയുക്തസംസ്ഥാന സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ സംസ്ഥാനങ്ങൾക്ക് സാമ്പത്തിക സ്വയംഭരണാവകാശം കൈവരുകയും വളരെ മെച്ചപ്പെട്ട രീതിയിൽ അതത് സംസ്ഥാനങ്ങൾക്ക് അതത് സംസ്ഥാന ഭരണകൂടങ്ങൾ തീർച്ചപ്പെടുത്തുന്ന വികസന പാതയിൽ അതിവേഗം മുന്നേറാനും കഴിയും. ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ അമിത ഇടപെടൽ ഇന്ത്യയെ പിന്നോട്ടടിക്കുന്നതാണ്. സംസ്ഥാങ്ങൾക്ക് സാമ്പത്തിക സ്വയംഭരണാവകാശം കൊടുക്കാത്തിടത്തോളം കേന്ദ്രവും സംസ്ഥാങ്ങളും തമ്മിലുള്ളത് ഒരു മേലാള-അടിയാള ബന്ധമാണ്. ഇത് ജനാധിപത്യ ചുറ്റുപാടിന് നിരക്കാത്തതും, രാജ്യത്തിന്റെ വളർച്ചയെ തളർത്തുകയും ചെയ്യുതാണ്.

സ്വാതന്ത്ര്യത്തിനിപ്പുറവും മെച്ചപ്പെട്ട വികസനം കാഴ്ചവയ്ക്കാത്ത സംസ്ഥാനങ്ങളിലേക്ക് നികുതിപ്പിരിവിന്റെ കൂടുതൽ പങ്ക് എത്തിക്കുന്നത് മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളെ ശിക്ഷിക്കുന്നതിന് തുല്യമാണ്. അത്തരം സംസ്ഥാനങ്ങൾ വികസിക്കാത്തതിനു കാരണം അവിടെ സാമൂഹിക വളർച്ചയില്ലാത്തതിനാലും അഴിമതി കൂടുതലുള്ളതുകൊണ്ടും കാര്യപ്രാപ്തിയുള്ള ഉദ്യോഗസ്ഥ സംവിധാനം ഇല്ലാത്തതുകൊണ്ടുമാണ്. അത്തരമൊരു ചുറ്റുപാടിൽ അവിടങ്ങളിലേക്ക് കൂടുതൽ ധനസഹായം എത്തിക്കുന്നതുകൊണ്ട് അർത്ഥമില്ല. അവിടങ്ങളിലെ വികസനമുരടിപ്പിന്റെ കാരണങ്ങൾ പഠിച്ച് ആ വിഷങ്ങളിൽ പുരോഗമനം കൊണ്ടുവരാനാണ് കേന്ദ്രം ശ്രമിക്കേണ്ടത്. മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കാൻ നികുതിപ്പിരിവിന്റെ കൂടുതൽ പങ്ക് അത്തരം സംസ്ഥാങ്ങളിലേക്ക് എത്തിക്കുകയും വൻകിട വികസന പദ്ധതികൾ നടപ്പിലാക്കാനുള്ള അത്തരം സംസ്ഥാങ്ങളുടെ കഴിവ് തിരിച്ചറിഞ്ഞ് കൂടുതൽ പദ്ധതികൾ മുന്നോട്ടുവയ്ക്കുകയും വേണം. താഴ്ന്ന പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങൾ ഇതിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് നില മെച്ചപ്പെടുത്താൻ ശ്രമിക്കുകയും വേണം.

നിലവിൽ ഭരണഘടനയുടെ കൺകറണ്ട് പട്ടികയിൽപെട്ട എല്ലാ വിഷയങ്ങളും സംസ്ഥാനങ്ങൾക്ക് പൂർണ്ണമായും വിട്ടുകൊടുക്കുകയും കേന്ദ്രത്തിന്റെ ഇടപെടൽ കുറയ്ക്കുകയും വേണം. ഓരോ സംസ്ഥാനത്തിനും സാംസ്കാരികവും വികസനപരവുമായ വ്യത്യാസങ്ങളുണ്ട്. അതിനാൽതന്നെ വിദ്യാഭ്യാസം, വാണിജ്യം മുതലായ മേഖലകളിൽ ഇന്ത്യയെപ്പോലെ വൈവിധ്യമായ രാജ്യത്ത് ഒരൊറ്റ നയം കൊണ്ടുവരുന്നത് തീരെ പര്യാപ്തമല്ല. അത്തരം വിഷയങ്ങൾ മുഴുവനായും സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കുകയും കേന്ദ്രത്തിന് യഥാസമയങ്ങളിൽ മാതൃകാരൂപങ്ങൾ മുന്നോട്ടുവയ്ക്കാവുന്നതുമാണ്. കേരളത്തിന് ഉതകുന്ന ഒരു പദ്ധതി ഗുജറാത്തിന് ഉതകണമെന്നില്ല. തദ്ദേശീയമായ പോംവഴികളാണ് അതത് സംസ്ഥാനങ്ങളുടെ വികസപ്രശ്നങ്ങൾക്ക് വേണ്ടത്.

കൂടാതെ സംയുക്തസംസ്ഥാന സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ കേന്ദ്രവും-സംസ്ഥാങ്ങളും തമ്മിലുള്ള സഹകരണം ഏറും. കൂടാതെ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശങ്ങൾ ലഭിക്കുമ്പോൾ അവ നിക്ഷേപങ്ങൾക്കായും വിദഗ്ധർക്കായും മത്സരിക്കുകയും അതുവഴി രാജ്യത്തിന്റെ ആകമാനമുള്ള പുരോഗതിക്ക് ആക്കം കൂട്ടുകയും ചെയ്യും. കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം പല കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും പരീക്ഷിച്ച് പരാജയപ്പെട്ടതാണ്. ഇന്ത്യക്ക് വേണ്ടത് കരുത്തുറ്റ ഒരു സംയുക്തസംസ്ഥാന ചുറ്റുപാടാണ്.

3 തുറന്ന വിപണി, വ്യാവസായികവൽക്കരണം, നഗരവൽക്കരണം

തുറന്നതും വിപണി അടിത്തറയാക്കിയുമുള്ള ഒരു സാമ്പത്തിക വ്യവസ്ഥിതിയാണ് കേരളത്തിന് ഉതകുന്നത്. ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ കേരളം ആഗോളകച്ചവടത്തിന്റെ ഒരു പ്രധാന കേന്ദ്രമായിരുന്നതിന് പിന്നിൽ സമാന്തരമായ ഒരു വിപണിയായിരുന്നു എന്ന് കാണാം.

തദ്ദേശീയ സമ്പദ്ഘടന മാറ്റക്കച്ചവടത്തിന്റെ അടിത്തറയിലായിരുന്നു എങ്കിലും കടൽക്കച്ചവടത്തിന് മറ്റൊരു വശമാണ് ഉണ്ടായിരുന്നത് എന്ന് കാണാവുന്നതാണ്. വിപണി സ്വകാര്യ വ്യക്തികളുടെയും കൂട്ടായ്മകളുടെയും കീഴിലായിരുന്നു. രാജാക്കന്മാരുടെ സംരക്ഷണയിൽ എടുത്തുപറയത്തക്ക സ്വയംഭരണാധികാരങ്ങളോടെ തന്നെയാണ് ഇവ പ്രവർത്തിച്ചിരുന്നത്. കൂടാതെ വൈദേശിക കച്ചവട കുടിപാർപ്പുകൾ അന്നത്തെ ഭരണാധികാരികൾ പ്രോത്സാഹിപ്പിച്ചിരുന്നത് കൊണ്ടുതന്നെ ചരിത്രകാലത്തെ കേരളത്തിലെ വിപണിക്ക് സാർവ്വജനികമായ ഒരു രൂപമായിരുന്നു ഉണ്ടായിരുന്നത്.
കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് തൊഴിലില്ലായ്മയാണ്. തൊഴിലാളിസംഘടനകളുടെ അമിതമായ ഇടപെടലും, മുതലാളിത്ത വിരുദ്ധ നയങ്ങളും കേരളത്തിന്റെ ഉൽപാദന ക്ഷമത തളർത്തുകയും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇത് പരിഹരിക്കാൻ വ്യാവസായികവൽക്കരണവും നഗരങ്ങൾ അടിത്തറയാക്കിയുള്ള വികസന മാതൃകയുമാണ് കേരളത്തിന് വേണ്ടത്. കൂടാതെ ശാസ്ത്ര-സാങ്കേതിക രംഗത്തെ സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി കൂടുതൽ ഉൽപാദനവും തൊഴിലവസരങ്ങളും ഉളവാക്കുകയും വേണം.

4 വിദ്യാഭ്യാസം, അരോഗ്യം, ക്ഷേമം

വിദ്യാഭ്യാസം, ആരോഗ്യം, മുതിർന്ന പൗരന്മാരുടെ ക്ഷേമം എന്നിവ സർക്കാരിനെ മുൻഗണനയിലുള്ളതും ഇടപെടലിനു വിധേയമായതുമായ വിഷയങ്ങളായിരിക്കണം. ഹയർ-സെക്കന്ററി വരെയുള്ള വിദ്യാഭ്യാസം സർക്കാർ വിദ്യാലയങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടെ നൽകാനും അതുവഴി കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാനും അതുവഴി സ്വകാര്യ വിദ്യാലങ്ങളുടെ പ്രസക്തി കുറയ്ക്കുകയും ചെയ്യണം. ഇതിലൂടെ അടിസ്ഥാന വിദ്യാഭ്യാസത്തിൽ നിലനിൽക്കുന്ന സാമൂഹിക ഉച്ചനീചത്വങ്ങൾക്ക് ഒരളവുവരെ പരിഹാരംകൊണ്ടുവരാൻ കഴിയും. സർവ്വകലാശാല തലത്തിലുള്ള വിദ്യാഭ്യാസം സ്വകാര്യവൽക്കരിക്കുന്നതിലൂടെ മികച്ചതും ലോകോത്തര നിലവാരമുള്ളതുമായ ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിയും. ഇത്തരം സ്വകാര്യ സർവ്വകലാശാലകൾ ഒട്ടേറെ സ്കോളർഷിപ്പ് പദ്ധതികൾ വിദ്യാർത്ഥികൾക്കായി നൽകുന്നുണ്ട്.

ആരോഗ്യമേഖലയിലെ സ്വകാര്യവൽക്കരണം ശ്രദ്ധാപൂർവ്വമായിരിക്കേണ്ടതുണ്ട്. ജനങ്ങളുടെ ആരോഗ്യം സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പ്രധാനമാണ്. അതിനാൽ തന്നെ സൗജന്യമായ പ്രാഥമിക ചികിത്സയും, നിർബന്ധ ഇൻഷുറൻസ് പദ്ധതികളും സർക്കാരിന്റെ ഇടപെടലിലൂടെ ഉറപ്പാക്കണം.

മുതിർന്ന പൗരന്മാർ, അംഗവൈകല്യമുള്ളവർ മുതലായവരുടെ ക്ഷേമം സർക്കാരിന്റെ കടമയാകുന്നു.

5 സമമായ വികസനവും സ്വയം പര്യാപ്തതയും

കേരളത്തിലുള്ള എല്ലാ ജില്ലകളുടെയും സമമായ വികസനം പ്രധാനമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഓരോ ജില്ലയുടെയും ഉൽപാദന സാധ്യതകൾ തിരിച്ചറിഞ്ഞുള്ള വ്യാവസായിക വികസനം അത്യന്താപേക്ഷിതമായിട്ടുള്ളതാണ്. അതത് പ്രദേശങ്ങളുടെ ഭൂപ്രകൃതിക്ക് ഇണങ്ങുന്ന തരത്തിലുള്ള വ്യാവസായിക വികസന മാതൃകകൾക്ക് രൂപംകൊടുക്കണം. നിലവിൽ കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഭക്ഷണം, ഊർജ്ജം,

ഉൽപാദനം എന്നീ മേഖലകളിൽ സ്വയം പര്യാപ്തത നേടേണ്ടത് സംസ്ഥാനത്തിന്റെ ഭാവികാല നിലനിൽപ്പിന് അത്യാവശ്യമാണ്.

6 മലയാള സ്വത്വബോധം

മലയാളികൾ ഭാഷാപരമായും സാംസ്കാരികപരമായും ജനസംഖ്യാപരമായും ഒരു ചോർന്നുപോകലിന് കീഴ്പ്പെട്ടിരിക്കുകയാണ്. ഈ ചോർന്നുപോകലിനെ അണകെട്ടി നിർത്താൻ കെൽപ്പും കരുത്തുമുള്ള ഒരു ദേശീയ രാഷ്ട്രീയ മുന്നേറ്റം കേരളത്തിന് അനിവാര്യമാണ്. മലയാള ജീവിതശൈലിയും സംസ്കാരവും പൈതൃകവും സംരക്ഷിക്കേണ്ട ചുമതല മലയാളിയുടേത് മാത്രമാണ്. മലയാളിയുടെ മാതൃഭൂമി കേരളമാണ്. മറ്റൊരിടത്തും അത്തരമൊരു സാംസ്കാരിക മേൽക്കോയ്മയോ സ്വീകാര്യതയോ മലയാളികൾക്ക് ലഭിക്കുകയില്ല. ഒരു ഭാഷാവംശം എന്ന നിലയിൽ മലയാള ഭാഷയെയും സംസ്കാരത്തെയും നിലനിർത്തേണ്ടതും വളർത്തേണ്ടതും മലയാളികളുടെ കടമയാണ്. ആ കടമ നിറവേറ്റുന്നതിൽ നിലവിലുള്ള രാഷ്ട്രീയ കക്ഷികൾക്ക് കഴിയുന്നില്ല. ഭരണം, വിദ്യാഭ്യാസം, കോടതികൾ എന്നിവിടങ്ങളിൽ ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് കോട്ടംവരുത്താത്ത മട്ടിൽ മലയാളം കർശനമാക്കണം. ഫ്രഞ്ചുകാർക്ക് ഫ്രഞ്ച് എന്നപോലെയും, ജർമ്മൻകാർക്ക് ജർമ്മനെന്ന പോലെയും, ഇസ്രായേലികൾക്ക് ഹിബ്രുവെന്ന പോലെയും അറബുരാജ്യങ്ങൾക്ക് അറബിഭാഷ എന്ന പോലെയും ഭാഷാവംശപരമായ ഒരു അവകാശം മലയാളികൾക്കുണ്ട്. ആ അവകാശം ഐക്യരാഷ്ട്രസഭയും അതുപോലെ ഇന്ത്യൻ ഭരണഘടനയും ഉറപ്പുവരുത്തുന്നതാണ്. കേരളം എക്കാലത്തും പുതിയ സംസ്കാരങ്ങളുമായും ഭാഷകളുമായും അടുപ്പം പുലർത്തിയിട്ടുണ്ട്. എന്നിരുന്നാലും മലയാളവേരുകളിൽനിന്നും ഒരു കുത്തൊഴുക്ക് ചരിത്രത്തിലുടനീളം ഉണ്ടായിട്ടില്ല. എന്നാൽ ആഗോളവൽക്കരണവും ആധുനികവൽക്കരണവും അതിനൊരു വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. അതിനെ ചെറുത്തുനിൽക്കേണ്ടത് മലയാളിയുടെ സ്വത്വബോധത്തിന്റെ സംരക്ഷണത്തിന് അനിവാര്യമാണ്. ഇതര സംസ്കാരങ്ങളുടെയും ഭാഷകളുടെയും അടിച്ചേൽപ്പിക്കൽ മതപരമായും, ഭരണപരമായും പലവഴികളിലൂടെ കേരളത്തിലേക്ക് കടന്നുവരുന്നതിനെ സ്വത്വബോധത്തിന്റെ ഒരു മതിൽക്കൊണ്ടു മാത്രമേ തടയാൻ കഴിയുകയുള്ളൂ. അതിന് മലയാളികളുടെ തനത് സാംസ്കാരിക ഘടകങ്ങളുടെ ഉയിർത്തേഴുന്നേൽപ്പ് ആവശ്യമാണ്. മലയാളികൾക്കിടയിൽ ഈ സ്വത്വബോധം വളർത്തുന്നതിലൂടെ മാത്രമേ മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും ചോർന്നുപോക്കിന് തടയിടാൻ കഴിയുകയുള്ളൂ. കർശനമായ നിയമങ്ങളിലൂടെയും അടിച്ചേൽപ്പിക്കലുകളിലൂടെയും ഇത്തരം വിഷയങ്ങളെ സമീപിക്കാൻ കഴിയില്ല.

- മലയാള ദേശീയതയുടെ പ്രാഥമിക ഉന്നം ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യങ്ങൾ, ജലവിതരണം, ഭക്ഷ്യസുരക്ഷ, ഊർജ്ജം, വനിതാക്ഷേമം, ക്രമസമാധാനം, തദ്ദേശ തൊഴിൽ സുരക്ഷ, തദ്ദേശ വ്യാവസായിക മുന്നേറ്റം, വ്യാപാരം, വാണിജ്യം, വിനോദസഞ്ചാരം, കര-നീർ ഗതാഗതം, തീവണ്ടി ഗതാഗതം എന്നിവയിലുള്ള വികേന്ദ്രീകത വികസനവും രാഷ്ട്ര-സംസ്ഥാന സഹകരണത്തിലും ഇടപഴകലിലും കേരളത്തിന് മുൻഗണ ഉറപ്പുവരുത്തുക എന്നതുമാണ്.

- കേരളത്തിന്റെയും മലയാളികളുടെയും സാംസ്കാരികവും, രാഷ്ട്രീയവുമായുള്ള മുന്നേറ്റവും ഐക്യകേരളത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടുകളെ പുലർത്തേണ്ടതും അനിവാര്യമാണ്.

- മുഴുവൻ മേഖലകളിലുമുള്ള ഒരു വികസന കുതിപ്പിലൂടെ ഇന്ത്യയ്ക്കു മുന്നിലും അതുപോലെ ലോകത്തിനു മുന്നിലും കേരളത്തെ ഒരു മാതൃകയാക്കി മാറ്റുക എന്നത് ഈ ലക്ഷ്യങ്ങളിൽ പ്രധാനമാകുന്നു.

- മലയാളികളുടെ സ്വത്വബോധം വളർത്തുകയും അതിലൂടെ മലയാളഭാഷയെയും വേറിട്ട സംസ്കാരത്തെയും നിലനിർത്തേണ്ടതും ലോകത്തിനു മുന്നിൽ അവതരിപ്പിക്കേണ്ടതും ഇതിന്റെ ഭാഗമാകുന്നു.

- കല, സാഹിത്യം, ചലചിത്രം, പാരമ്പര്യം, ഭക്ഷണപ്പലമ എന്നിവയിലൂടെ മലയാളികളുടെ നേർമ്മയായ കരുത്ത് ഊട്ടിയുറപ്പിക്കുകയും ആഗോളവൽകൃത ലോകത്തിൽ മലയാളിയുടേതായ ഇടം ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

- അത്യന്തികമായി മലയാളികൾക്കുവേണ്ടിയുള്ള ഒരു രാഷ്ട്രീയ മുന്നേറ്റമാണ് കേരളത്തിന്റെ വികസനത്തിന് ആവശ്യം. അവിടേയ്ക്ക് നുഴഞ്ഞുകയറുന്ന ഇതര സാംസ്കാരിക-രാഷ്ട്രീയ അധിനിവേശങ്ങളെ തള്ളിക്കളയുകയും മലയാളികളുടെ താൽപര്യങ്ങൾ മുൻനിർത്തിയുള്ള ഒരു ഭരണം ഉറപ്പുവരുത്തുകയും ചെയ്യണം.